പതിനാറാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1544 **01-07-2026-ൽ മറുപടിയ്ക്ക്**

ഷിഗല്ല പകർച്ചവ്യാധി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. സജി ചെറിയാൻ

മറുപടി നൽകിയ മന്ത്രി

ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

(എ) 'ഷിഗല്ല 'പകർച്ചവ്യാധി കേരളത്തിൽ വ്യാപകമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് ഈ വർഷം 23.06.2026 വരെ, 241 ഷിഗെല്ലോസിസ് കേസുകളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

ജില്ല	സ്ഥിരീകരിച്ച ഷിഗെല്ലോസിസ് കേസുകൾ
തിരുവനന്തപുരം	24
കൊല്ലം	13
പത്തനംതിട്ട	0
ഇടുക്കി	5
കോട്ടയം	1
ആലപ്പുഴ	6
എറണാകുളം	5
തൃശ്ശൂർ	13
പാലക്കാട്	3
മലപ്പുറം	29
കോഴിക്കോട്	109
വയനാട്	22
കണ്ണൂർ	11

കാസറഗോഡ്	0

(ബി) നാളിതുവരെയായി എത്രപേർക്ക് ടി വൈറസ് ബാധിച്ചുവെന്ന് വിശദീകരിക്കാമോ?

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

സെക്ഷൻ ഓഫീസർ